**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6017** **09-11-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടിക ജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിനും വീടിന്റെ അറ്റകുറ്റപ്പണി നടത്തുവാനും എന്തൊക്കെ പദ്ധതികൾ ആണ് നിലവിലുള്ളത് എന്നറിയിക്കാമോ; | (എ) | 1. ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നിലവിൽ ലൈഫ് മിഷൻ മുഖാന്തിരമാണ് ഭവന നിർമ്മാണധനസഹായം ലഭ്യമാക്കുന്നത്. കൂടാതെ ലാന്റ് ബാങ്ക് പദ്ധതിയിലൂടെ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേനയും വീട് അനുവദിച്ചു വരുന്നുണ്ട്. 2. വീട് നിർമ്മിച്ചു നൽകുന്നതിനും വീടിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനും നിലവിൽ പട്ടികജാതി വികസന വകുപ്പ് മുഖേന പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല എന്നാൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന ഭവന പദ്ധതികളിൽ ധനസഹായ തുക പൂർണ്ണമായും കൈപ്പറ്റി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിനും , നിർദിഷ്ട രീതിയിലുള്ള മേൽക്കൂര നിർമ്മിക്കാത്തതുമൂലം അവസാന ഗഡു കൈപ്പറ്റാത്തവർക്കും, സ്വന്തമായി വീട് നിർമ്മാണം ആരംഭിച്ച് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതുമായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് പരമാവധി 150,000/ രൂപ വരെ ധനസഹായം അനുവദിക്കുന്ന ഭവന പൂർത്തീകരണ പദ്ധതി പട്ടികജാതി വികസന വകുപ്പ് വഴി നടപ്പിലാക്കി വരുന്നു. 3. നിർമ്മാണം പൂർത്തിയായതും 6 വർഷം കാലപ്പഴക്കമുള്ളതുമായ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനങ്ങൾക്ക് ഭവന പുനരുദ്ധാരണ സഹായമായി 1,50,000/- രൂപ വകുപ്പു മുഖേന അനുവദിച്ചു വരുന്നു. |
| (ബി) | കുറ്റ്യാടി മണ്ഡലത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുവാനും | (ബി) | പ്രസ്തുത മണ്ഡലത്തിൽ ഭവന പൂർത്തീകരണ പദ്ധതി പ്രകാരം 32 കുടുംബങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം 23,40,000/- (ഇരുപത്തിമൂന്നുലക്ഷത്തി |

| | | | |
|---|---|---|---|
| | വീടിന്റെ അറ്റകുറ്റപ്പണി നടത്തുവാനും സാധിച്ചിട്ടുണ്ട് എന്നറിയിക്കാമോ; ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | | നാൽപ്പതിനായിരം രൂപ) അനുവദിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവന നിർമ്മാണ ധനസഹായം ലൈഫ് മിഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. പ്രസ്തുത വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന് വകുപ്പിൽ നിന്നും വീടൊന്നിന് ഒരു ലക്ഷം രൂപ നിരക്കിൽ ലൈഫ് മിഷന് കൈമാറുന്നു. |

സെക്ഷൻ ഓഫീസർ